
## കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്



# പൗരാവകാശരേഖ പ്രഖ്യാപനം

2026

**കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്**

**പൗരാവകാശരേഖാ പ്രഖ്യാപനം**

ഈ രേഖയിൽ പറയുന്ന സേവനങ്ങളും സഹായങ്ങളും കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ എല്ലാ പൗരന്മാർക്കും സമയബന്ധിതമാക്കി ലഭ്യമാക്കുന്നതാണ്.

(കേരള പഞ്ചായത്ത് രാജ് ആക്ട് 272 - എ.ബി.വകുപ്പ് പ്രകാരം) രേഖയിൽ പറയുന്ന ക്ഷേമപദ്ധതികൾ സർക്കാരിന്റെ കാലാകാലങ്ങളിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമാണ്.

## ആമുഖം

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൻറെ പരിധിയിൽ വരുന്ന ആറ് ഗ്രാമപഞ്ചായത്തുകളിലെ പൗരന്മാർക്ക് ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പരമാവധി ഗുണമേന്മയോടെ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള സർക്കാർ പദ്ധ തിയുടെ ഭാഗമായാണ് ഈ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന സേവനങ്ങൾ/പദ്ധതികളെക്കുറിച്ച് പൗരന്മാർക്ക് അറിവ് നല്കുക എന്നതാണ് ഈ രേഖ പ്രസിദ്ധീകരിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ, സേവനരംഗത്തെ നൂതനപ്രവണതകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പൊതുജനാഭിപ്രായം തേടിക്കൊണ്ട് ഓരോ വർഷവും ഈ രേഖ പുതുക്കി നിശ്ചയിക്കുന്നതുമാണ്. ഈ രേഖ പൊതുജ നങ്ങൾക്ക് പരിശോധിക്കുന്നതിന് ലഭ്യമാക്കുന്നതാണ്.

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| പ്രസിഡന്റ് | സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്ത് കടുത്തുരുത്തി

## പ്രതിജ്ഞ

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നടത്തപ്പെടുന്ന പദ്ധതികൾ/സേവനങ്ങൾക്കു വേണ്ടി എത്തുന്ന എല്ലാവർക്കും അർഹതപ്പെട്ടതും, അവകാശപ്പെട്ടതുമായ സേവനങ്ങൾ സമയബന്ധിതമായി സുതാര്യതയോടെയും, സൗഹൃദാന്തരീക്ഷത്തിലും നൽകുന്നതിന് ഈ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരും പ്രതിജ്ഞാബദ്ധരാണെന്ന് ഈ രേഖയിലൂടെ ഉറപ്പു നൽകുന്നു.

# കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്ത്

## വിട്ടുകിട്ടിയസ്ഥാപനങ്ങളെ സംബന്ധിച്ച

## പൊതുവിവരം

1. എൽ.എസ്,ജി.ഡി.അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം :

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന് സമീപം സ്ഥിതി ചെയ്യുന്നു. ഈ ഓഫീസിൽ അസിസ്റ്റന്റ്എക്സിക്യൂട്ടിവ് എഞ്ചിനീയറും ഒരു അസി: എഞ്ചിനീയറും 1 ഫസ്റ്റ് ഗ്രേഡ് ഓവർസീയറും, 1 സെക്കൻറ് ഗ്രേഡ് ഓവർസീയറും, ഒരു സീനിയർ ക്ലർക്കും - ഒരു ടൈപ്പിസ്റ്റും ഒരു ഓഫീസ് അറ്റൻഡൻറും ആണുള്ളത്. ബ്ലോക്ക് പഞ്ചായത്തിൻറെയും ഗ്രാമ പഞ്ചായത്തുകളുടെയും പശ്ചാത്തല വികസന പ്രവർത്തനങ്ങൾ നടത്തുന്നത് ഈ ഓഫീസ് മുഖേനയാണ്.

2. കൃഷി വകപ്പ് - കൃഷി അസിസ്റ്റന്റ്ഡയറക്ടറുടെ കാര്യാലയം :

കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലേയും കൃഷിഭവനുകൾ ഈ ഓഫീസിന്റെ മേൽനോട്ടത്തിലാണ്. ബ്ലോക്കിന്റെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കൃഷിസംബന്ധമായ എല്ലാ കാര്യങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത് കൃഷി അസിസ്റ്റന്റ്ഡയറക്ടറാണ്.

3. വനിതാ ശിശുക്ഷേമപരിപാലനം (ഐ. സി. ഡി. എസ്.):

ഈ സ്ഥാപനം കടുത്തുരുത്തി മാർക്കറ്റിന് സമീപം സ്ഥിതി ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലെയും ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ ഈ ഓഫീസിന്റെ പരിധിയിൽ വരുന്നു.. അങ്കണനവാടികളുടേയും, വനിതകളുടേയും കുട്ടികളുടേയും ദിവ്യാംഗരുടേയും ക്ഷേമപ്രവർത്തനങ്ങൾ നടത്തുകയാണ് ഈ സ്ഥാപനത്തിൻറെ ഉദ്ദേശം. ശിശുവികസന പദ്ധതി ആഫീസറുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടത്തുക.

4. വ്യവസായ വികസന ആഫീസ് :

ബ്ലോക്ക്പഞ്ചായത്തിന് കൈമാറി കിട്ടിയിരിക്കുന്ന ഓഫീസാണിത്. ബ്ലോക്ക്പഞ്ചായത്ത് ആഫീസ് കെട്ടിടത്തിലാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്.തിങ്കൾ/ബുധൻഎന്നീദിവസങ്ങളിൽ ഈ ആഫീസ് പ്രവർത്തിക്കുന്നതാണ്.

ബ്ലോക്ക് പഞ്ചായത്ത്മുഖേന നടപ്പിലാക്കുന്ന ജനകീയാസൂത്രണപദ്ധതിയുടെ നിർവ്വഹണഉദ്യോഗസ്ഥൻ കൂടിയാണ് വ്യവസായ വികസന ആഫീസർ.

5. പട്ടികജാതി വികസന ഓഫീസ്

ബ്ലോക്ക് പഞ്ചായത്ത് സമുച്ചയത്തിൽ സ്ഥിതി ചെയ്യുന്നു. ബ്ലോക്ക് പരിധിയിലുള്ള ആറു ഗ്രാമ പഞ്ചായത്തുകളിലേയും പട്ടികജാതി ജനവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ആനുകൂല്യങ്ങൾ അവരിൽ എത്തിക്കു കയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിൻറെ വാർഷിക പദ്ധതിയിലെ പട്ടികജാതി വിഭാഗം പ്രോജക്ടുകൾ നടപ്പാക്കുന്നതും ഈ ഓഫീസ് മുഖേനയാണ്. ഓഫീസ് മേധാവിയായ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ടി പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനാണ്. ഓഫീസിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഓരോ പഞ്ചായത്തിൽ നിന്നും ഓരോ പ്രമോട്ടർമാരും ഈ ഓഫീസിൽ സേവനമനുഷ്ഠിക്കുന്നു.

6. ഡയറി എക്സ്റ്റൻഷൻ ഓഫീസ്

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പ്രദേശങ്ങളിലെ കന്നു കാലി സമ്പത്ത് വർദ്ധിപ്പിക്കുക, പാൽ ഉത്പാദനവും ഉല്പന്നങ്ങളുടെ നിർമ്മാണവും ഉറപ്പുവരുത്തുക, ക്ഷീരകർഷകർക്കുള്ള വിവിധ തൊഴിൽ പദ്ധതികൾ, ക്ഷേമപദ്ധതികൾ എന്നിവയും ബ്ലോക്ക് പഞ്ചായത്തിൻറെ വാർഷിക പദ്ധതിയിലൂടെ നടപ്പാക്കുന്ന ക്ഷീര മേഖലയിലെ പ്രോജക്ടുകളും ഈ ഓഫീസിലൂടെ നടപ്പാക്കപ്പെടുന്നു.. ഓഫീസ് മേധാവി ഡയറി എക്സ്റ്റൻഷൻ ഓഫീസറാണ്.

7. സീനിയർ വെറ്ററിനറി ഓഫീസറുടെ കാര്യാലയം

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ മൃഗപരിപാലനത്തിന് നേതൃത്വം കൊടുക്കുന്ന ഓഫീസാണിത്. മൃഗങ്ങളുടെ ചികിത്സ, പ്രതിരോധ മരുന്നു വിതരണം, മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

8. സർക്കാർ മഹിളാമന്ദിരം, കല്ലറ

ബ്ലോക്ക്പഞ്ചായത്തിൻറെ മേൽനോട്ടത്തിലുള്ള സർക്കാർ മഹിളാമന്ദിരം കല്ലറ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്നു. 25 ആളുകൾക്ക് താമസിക്കുവാൻ ആവശ്യമായ സൌകര്യം ഉള്ള ടി സ്ഥാപനത്തിൽ നിലവിൽ 11. അന്തേവാസികൾ ഉണ്ട്. . ആലംബഹീനരായ സ്ത്രീജനവിഭാഗങ്ങൾക്ക് താങ്ങുംതണലുമായി നിലകൊളളുന്ന ഒരു സ്ഥാപനമാണിത്. സൂപ്രണ്ട്, ഓഫീസ് അറ്റൻഡൻറ്,മേട്രൺ എ ന്നിങ്ങനെ 3സ്ഥിരം

ജീവനക്കാരും മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ എന്നൊരു താത്ക്കാലിക ജീവനക്കാരിയും ഇവിടെ ജോലിചെയ്തുവരുന്നു.

9. കമ്മ്യൂണിറ്റി ഹെത്ത് സെന്റർ, തലയോലപ്പറമ്പ്

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് അധികാരപരിധിയിലും തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വടയാർ വില്ലേജിലുമായിസ്ഥിതിചെയ്യുന്ന ഈ സ്ഥാപനം 1953 ലാണ് പ്രവർത്തനം ആരംഭിച്ചത്. മൂന്ന് സ്ഥിരം ഡോക്ടർമാർ , 33 സ്ഥിരം ജീവനക്കാർ, 2 താൽക്കാലിക ഡോക്ടർമാർ ഉൾപ്പെടെ വിവിധ തസ്തികകളിലായി ഏകദേശം 54 ജീവനക്കാർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു.പ്രദേശത്തെ ജനങ്ങൾക്ക് ഗുണമേൻമയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം ദൈനംദിനം 300ൽ അധികം രോഗികൾക്ക് ഒ.പി.യുലൂടെയും ഐ.പി.യിലൂടെയും പ്രാഥമികവും ദ്വിതീയവുമായ ആരോഗ്യ സേവനങ്ങൾ സമഗ്രമായി നൽകിവരുന്നു. ബ്ലോക്ക് –ഗ്രാമപഞ്ചായത്തുകളുടെ വിഹിതം വകയിരുത്തി ഒരു സായാഹ്ന ഒ.പി. ഈ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു.ഈ ആശുപത്രിയോട് ചേർന്ന് ഒരു ലാബോറട്ടറി പ്രവർത്തിക്കുന്നുണ്ട്..

10. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ,അറുന്നൂറ്റിമംഗലം

അറുന്നൂറ്റിമംഗലം ജംഗ്ഷനുസമീപം സ്ഥിതിചെയ്യുന്നു., മൂന്ന് സ്ഥിരം ഡോക്ടർമാരും എൻ. ആർ. എച്ച് എം. ന്റെ ഒരു ഡോക്ടറും ഉൾപ്പെടെ 34 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. കിടത്തി ചികിത്സ ലഭിക്കുന്നതിന് 24 ബെഡും ഇവിടെയുണ്ട്. ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ ശരാശരി 150 രോഗികൾ ഇവിടെ എത്താറുണ്ട് കൂടാതെ ബ്ലോക്ക് –ഗ്രാമപഞ്ചായത്തുകളുടെ വിഹിതം വകയിരുത്തി ഒരു സായാഹ്ന ഒ.പി. ഈ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. ആശുപത്രിയോട് ചേർന്ന് ഒരു ലാബോറട്ടറി പ്രവർത്തിച്ചുവരുന്നു. ഗ്രാമീണ മേഖലയായ ഇവിടുത്തെ ജനങ്ങൾക്ക് ഈ സ്ഥാപനം ആരോഗ്യപരിപാലനരംഗത്ത് ഒരു മുതൽക്കൂട്ടാണ്.

# കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

| | |
|---|---|
| പേര് | : കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് |
| ഇ.മെയിൽ | :bdokdty@gmail.com |
| ഫോൺ | :04829 282393 |
| വിസ്തൃതി | :155.69 ച.കി.മീ |
| ജില്ല | :കോട്ടയം |
| താലൂക്ക് | : വൈക്കം |
| ജനസംഖ്യ | :134200 |
| പുരുഷന്മാർ | :66389 |
| സ്ത്രീകൾ | :67811 |
| സാക്ഷരത | :95% |
| പട്ടികജാതി ജനസംഖ്യ | :16980 |
| പട്ടിക വർഗ്ഗ ജനസംഖ്യ | :359 |
| ബി.പി എൽ കുടുംബങ്ങൾ | :14384 |
| ഗ്രാമപഞ്ചായത്തുകൾ | : 6 |

(കടുത്തുരുത്തി,കല്ലറ,മുളക്കുളം,വെള്ളൂർ,തലയോലപ്പറമ്പ്,ഞീഴൂർ)

| | |
|---|---|
| ബ്ലോക്ക് ഡിവിഷനുകൾ | : 14 |
| ജില്ലാ ഡിവിഷനുകൾ | : 03 ( കടുത്തുരുത്തി, തലയാഴം, വെള്ളൂർ) |

## അതിരുകൾ

| | |
|---|---|
| വടക്ക് | - പാമ്പാക്കട, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തുകൾ |
| തെക്ക് | - ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് |
| പടിഞ്ഞാറ് | - വൈക്കം ബ്ലോക്ക് പഞ്ചായത്ത് |
| കിഴക്ക് | - ഉഴവൂർ ബ്ലോക്ക്പഞ്ചായത്ത് |

## നിയമസഭാ സാമാജികർ

ശ്രീ.മോൻസ് ജോസഫ് ,കടുത്തുരുത്തി

ശ്രീ.കെ ബിനി മോൻ ,വൈക്കം

## ജില്ലാപഞ്ചായത്ത് മെമ്പർമാർ

| | |
|---|---|
| ശ്രീമതി ആൻ മരിയ ജോർജ് | -കടുത്തുരുത്തി |
| ശ്രീ.ആനന്ദ് ബാബു | -തലയാഴം |
| ശ്രീമതി.വിജയമ്മ ബാബു | -വെള്ളൂർ |

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ

| | |
|---|---|
| ശ്രീ.അഡ്വ.റോയ് ജോർജ് | -കടുത്തുരുത്തി |
| ശ്രീമതി.ജിജി സുരേഷ് | -മുളക്കുളം |
| ശ്രീ.ചെറിയാൻ കെ ജോസ് | -ഞീഴൂർ |
| ശ്രീമതി.സാജിത യൂസഫ് | -വെള്ളൂർ |
| ശ്രീ.ജോസ് വി ജേക്കബ് | -തലയോലപ്പറമ്പ് |
| ശ്രീമതി.മിനി അഗസ്റ്റിൻ | -കല്ലറ |

## കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണസമി

പ്രസിഡന്റ്
**ശ്രീമതി.തങ്കമ്മ വർഗ്ഗീസ്**
(13) ആപ്പാഞ്ചിറ ഡിവി. )
ആറക്കൽ വീട്,ഇറുമ്പയം
Mob:9495334705

വൈസ് പ്രസിഡന്റ്
**ശ്രീ. കുര്യാക്കോസ് തോട്ടത്തിൽ**
(02) വെള്ളൂർ ഡിവി. )
തോട്ടത്തിൽ ,വെള്ളൂർ
Mob:9447116745

| | | |
|---|---|---|
| വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ<br>**ശ്രീമതി. മിനിമോൾ ബാബു**<br>ഊളംകത്തിയിൽ കപിക്കാട് ,കല്ലറ<br>Mob:8547485223 | ആരോഗ്യ വിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ<br>**ശ്രീമതി.മിനി ടോമി**<br>(05) ഞീഴൂർ ഡിവി. )<br>പൊട്ടൻകഴിയിൽ, വടക്കേനിരപ്പ്<br>Mob:9946296958 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ<br>**ശ്രീ. ശ്യാം മോഹൻ**<br>(11) കല്ലറ ഡിവി. )<br>കോമളവിലാസം,കല്ലറ<br>Mob:9446456554 |
| **ഷാജി പി പി**<br>(01) വടകര ഡിവി. )<br>പാറക്കൽ,കരിപ്പാടം, വെള്ളൂർ<br>Mob:8281567123 | **ചിക്കു ശരത്**<br>(03) മുളക്കുളം ഡിവി. )<br>പാലക്കപ്രായിൽ കന്നപ്പള്ളി<br>Mob:7025421261 | **ലിസ്സി റോയ്**<br>(04) കീഴൂർ ഡിവി. )<br>വൈപ്പേൽ, മുളക്കുളം<br>Mob:8281712659 |
| **ബോബൻ പോൾ**<br>(06) കാട്ടാമ്പാക്ക് ഡിവി)<br>മഞ്ഞളാമലയിൽ കാട്ടാമ്പാക്ക്,ഞീഴൂർ<br>Mob:9446197624 | **ലൈസാമ്മ**<br>(07) മുട്ടുചിറ ഡിവി. )<br>കച്ചോലക്കാല മുട്ടുചിറ<br>Mob:9447910518 | **ധന്യ വേണുഗോപാൽ**<br>(08) കടുത്തുരുത്തി ഡിവി. )<br>ഔതാളക്കോട്ടിൽ കെ.എസ്.പുരം<br>Mob:9745568512 |

# കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സ്റ്റാഫ്

| ക്രമ നം | പേര് | ഉദ്യോഗപ്പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1 | ശ്രീ.റെജി പി ജി | ബിഡിഒ/സെക്രട്ടറി | 8547264263 |
| 2 | ശ്രീമതി.വിൻസിമോൾ ലൂക്കോസ് | ജോയിൻറ് ബി ഡി ഒ | 9544684326 |
| 3 | ശ്രീ.റെജിമോൻ എ പി | സീനിയർഎക്സ്റ്റൻഷൻ ഓഫീസർ (ജനറൽ) | 9995029354 |
| 4 | പ്രിയ പ്രകാശ് | സീനിയർഎക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) | 9400441554 |
| 5 | | സീനിയർഎക്സ്റ്റൻഷൻ ഓഫീസർ (ഭവനം) | |
| 6 | ശ്രീമതി.സുഷിതകുമാരി വി .പി | എക്സ്റ്റൻഷൻ ഓഫീസർ(പി&എം) | 9497822505 |
| 7 | ശ്രീമതി.ജയന്തി എ. | ഹെഡ് ക്ലാർക്ക് | 9961417580 |
| 8 | ശ്രീമതി.മഞ്ജുഷ കെ എസ് | ഹെഡ് അക്കൗണ്ടന്റ് | 9847385333 |
| 9 | ശ്രീ.സജി വി ജി | സീനിയർ ക്ലാർക്ക് | 9744195574 |
| 10 | ശ്രീമതി.ഷാലിമോൾ എ എൽ | സീനിയർ ക്ലാർക്ക് | 9544229177 |
| 11 | കുമാരി അഞ്ജിതകുമാർ | ക്ലാർക്ക് | 9207086584 |
| 12 | ശ്രീ.വിനോദ് കെ സി | ക്ലാർക്ക് | 7012200212 |
| 13 | | ടൈപ്പിസ്റ്റ് | |
| 14 | ശ്രീമതി.മഞ്ജുഷ ആർ | ഓഫീസ് അറ്റൻഡന്റ് | 9496570791 |
| 15 | ശ്രീ ആൻസൺ സി തോമസ് | ഓഫീസ് അറ്റൻഡന്റ് | 8129234213 |
| 16 | കുമാരി അനഘ റെജി | പ്രോജക്ട് അസിസ്റ്റൻറ് | 8547709842 |
| 17 | ശ്രീ.ദിലീപ് എ ഡി | ഡ്രൈവർ ഗ്രേഡ്-1 | 9288091797 |
| 18 | ശ്രീ ജോമോൻ തോമസ് | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II | 8129234213 |
| 19 | ശ്രീമതി ദേവി എസ് കുമാർ | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II | 8129234213 |
| 20 | ശ്രീ ഗിരീഷ് കുമാർ കെ ജി | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 | 9400733559 |
| 21 | ശ്രീമതി. ജിഷ പി എം | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 | 8547549207 |
| 22 | ശ്രീമതി ചാന്ദിനി പി എം | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 | 9446038431 |
| 23 | ശ്രീ ബിനീഷ് ബി | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 | 9447463989 |
| 24 | ശ്രീമതി ആശ ശ്രീധരൻ | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 | 7034369840 |
| 25 | ശ്രീമതി ഷീന കെ പി | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 | 9497202589 |
| 26 | ശ്രീമതി ജിഷ പി ടി | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 | 8921881839 |
| 27 | ശ്രീ ഹരികുമാർ വി കെ | എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 1 | 9847429121 |
| 28 | ശ്രീമതി.സിനിമോൾ തോമസ് | അക്ര:എഞ്ചിനീയർ(MGNREGS) | 9495874217 |
| 29 | ശ്രീ.വിനോദ് വി ഡി | ഡേറ്റ എൻട്രി ഓപ്പറേറ്റർ(MGNREGS) | 9496026125 |

# കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണഉദ്യോഗസ്ഥർ

| ക്രമനം | പേര് | ഔദ്യോഗികപദവി | ഫോൺ |
|---|---|---|---|
| 1 | ശ്രീ.റെജി പി ജി | സെക്രട്ടറി | 8547264263 |
| 2 | ശ്രീ നമീർ എം | അസി:എക്സി.എഞ്ചിനീയർ | 9447570276 |
| 3 | ശ്രീമതി സ്വപ്ന റ്റി.ആർ | അസി:ഡയറക്ടർ കൃഷി | 7559070461 |
| 4 | ശ്രീ രാഗേഷ് എം | ഡയറി എക്സ്റ്റൻഷൻ ആഫിസർ | 9745469600 |
| 5 | ഡോ.രേഖ ആർ | മെഡിക്കൽ ഓഫീസർ CHC തലനയോലപ്പറമ്പ് | 9526308969 |
| 6 | ശ്രീമതി നമിത ഇ കെ | ശിശുവികസനഓഫീസർ | 9496720822 |
| 7 | ശ്രീ അഭിമോൻ ജോസ് | വ്യവസായ വികസനഓഫീസർ | 9747599693 |
| 8 | ശ്രീ പ്രശാന്ത് കെ പി | പട്ടികജാതി വികസനഓഫീസർ | 8547816283 |
| 9 | ഡോ.സപ്ന ജി ഐ | മെഡിക്കൽ ഓഫീസർ CHC അറുന്നൂറ്റിമംഗലം | 9400633816 |
| 10 | ശ്രീമതി അമ്മു ചന്ദ്രൻ | അസി:എഞ്ചിനീയർ | 9497285561 |
| 11 | ശ്രീമതി ബിന്ദു മാത്യു | സീനിയർ വെറ്ററിനറി സർജൻ | 9446506838 |

# പൗരാവകാശ രേഖ

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽതാമസിക്കുന്ന പൗരന്മാർക്ക് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

| I.ബ്ലോക്ക് പഞ്ചായത്ത് ആഫീസ് 04829-282393 bdokdty@gmail.com | | | | |
|---|---|---|---|---|
| ക്രമ നം | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരണം | പദ്ധതി വിശദീകരണവും അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകളും | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
| 1. | പ്രധാനമന്ത്രി ആവാസ് യോജന | സ്വന്തമായി വാസയോഗ്യമായ വീടില്ലാത്ത സാമൂഹിക -സാമ്പത്തിക-ജാതി സെൻസസ് ലിസ്റ്റിൽ ഉൾപ്പെട്ടവരോ ലൈഫ് ഭാവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടവരോ ആയ കുടുംബങ്ങൾക്ക് ഭാവനനിർമ്മാണത്തിനായി 400000/- രൂപാ ധനസഹായം ലഭിക്കുന്നു | ഇല്ല | എഗ്രിമെന്റിനു ശേഷം 10 മാസം |
| 2. | മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1. മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ടം, സാങ്കേതിക സഹായം,മസ്റ്റർറോൾ വിതരണം നിരീക്ഷണം.<br>2. അർഹതയുള്ള കുടുംബങ്ങൾക്ക് തൊഴിൽ രഹിത വേതനം അനുവദിക്കുക,വിതരണം ഉറപ്പാക്കുകയും ചെയ്യുക.<br>3. തൊഴിലാളികളുടെ വേതനം കൃത്യമായി വിതരണം ചെയ്യുന്നു എന്ന് ഉറപ്പാക്കുക.<br>4. പണികൾ യഥാസമയം സോഷ്യൽ ഓഡിറ്റ് നടത്തുന്നുവെന്നും ,തടസ്സങ്ങൾപരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുക.<br>5. ബ്ലോക്ക് അതിർത്തിയിലുള്ള പണികളെ സംബന്ധിച്ചുള്ള പരാതിയിൻമേൽ ഉചിതമായ നടപടികൾ കൈക്കൊള്ളുക. | ഇല്ല | അപേക്ഷ നൽകി 15 ദിവസത്തിനുള്ളിൽ |

| | | | | |
|---|---|---|---|---|
| 3 | വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമിൻ) | ഗ്രാമീണ മേഖലയിലെ തൊഴിലവസരങ്ങളും ഉപജീവന സുരക്ഷയും ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച പുതിയ തൊഴിലുറപ്പ് പദ്ധതിയാണ്. ഇത് ഗ്രാമീണ ഇന്ത്യയെ വികസിത് ഭാരത് 2047 എന്ന ദർശനത്തിലേക്ക് നയിക്കുന്നതിന്റെ ഭാഗമായാണ് നടപ്പാക്കുന്നത്. ഈ പദ്ധതി മുൻകാല MGNREGAയ്ക്ക് പകരമായി നടപ്പിലാക്കപ്പെട്ടതാണ്.<br>1.ഗ്രാമീണ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ 125 ദിവസത്തെ തൊഴിലുറപ്പ് നൽകുന്നു (മുൻപ് 100 ദിവസം).<br><br>ജലസംരക്ഷണം, പ്രകൃതി വിഭവ പരിപാലനം, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, ഉപജീവന ആസ്തികളുടെ സൃഷ്ടി, കാലാവസ്ഥാ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നു.<br><br>തൊഴിലാളികളുടെ വേതനം നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്ന Direct Benefit Transfer (DBT) സംവിധാനം ശക്തിപ്പെടുത്തുന്നു.<br><br>സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നു.<br><br>ഗ്രാമീണരുടെ വരുമാന വർധന, സ്ഥിരമായ ഉപജീവനം, ഗ്രാമവികസനം എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. | ഇല്ല | അപേക്ഷ നൽകി 15 ദിവസത്തിനുള്ളിൽ |

| | | | | |
|---|---|---|---|---|
| | | VB-G RAM G ഗ്രാമീണ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങ മെച്ചപ്പെടുത്തുകയും, സ്വയംപര്യാപ്തവും ശക്തവുമായ ഗ്രാമസമൂഹത്തെ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന ഒരു പുതിയ തൊഴിലുറപ്പ് പദ്ധതിയാണ്. VB-G RAM G ഒരു Centrally Sponsored Scheme (CSS) ആണ്. പദ്ധതിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്നാണ് വഹിക്കുന്നത്.<br>ഫണ്ടിംഗ് അനുപാതം:<br>സാധാരണ സംസ്ഥാനങ്ങൾ: 60% കേന്ദ്ര സർക്കാർ : 40% സംസ്ഥാന സർക്കാർ സംസ്ഥാനങ്ങൾക്കുള്ള ഫണ്ട് വിതരണം 16-ാമത് ധനകാര്യ കമ്മീഷന്റെ (Finance Commission) മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള "Normative Allocation" രീതിയിലാണ്. | | |
| 4. | സമ്പൂർണ്ണ ശുചിത്വം | കക്കൂസില്ലാത്ത പൊതുസ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ നൽകുന്ന വീടുകൾ, സ്കൂളുകൾ, അങ്കണവാടികൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ കക്കൂസ് നിർമ്മിച്ചു നൽകുക. | ഇല്ല | സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് |
| 5. | ദേശിയ സമ്പാദ്യപദ്ധതി | സമ്പാദ്യശീലം വർധിപ്പിക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട മഹിളാ പ്രധാൻ ഏജന്റുമാർ വീടുകളിലെത്തി തങ്ങളുടെ സമ്പാദ്യം സ്വരൂപിക്കുകയും പോസ്റ്റോഫീസുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. കാലാവധി പൂർത്തീകരിക്കുന്ന മുറയ്ക്ക് പലിശ സഹിതം തിരികെ നൽകുന്നു. | ഇല്ല | |
| 6. | ബി.പി.എൽ.സർട്ടിഫിക്കറ്റ് | സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള സർട്ടിഫിക്കറ്റ് ആവിശ്യമായ സാഹചര്യത്തിൽ ടി സർട്ടിഫിക്കറ്റ് നൽകുന്നു. | ഇല്ല | |

## II.പട്ടികജാതിവികസനഓഫീസ് 8547630064-scdokadthy@gmail.com

| ക്രമ നം | പട്ടികജാതി വികസന ഓഫീസ് ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | പദ്ധതി വിശദീകരണവും അപേക്ഷകർ പാലിക്കേണ്ട നിബന്ധനകളും | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|
| 1. | ഭൂരഹിത പദ്ധതി | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീടുവെയ്ക്കുന്നതിനു ഭൂമിവാങ്ങുന്നതിനായി 37500/- രൂപാ ധനസഹായം നൽകുന്നു.ജാതി/ വരുമാന സർട്ടിഫിക്കറ്റുകൾ,ഭൂരഹിതരാണെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം,മറ്റെവിടെ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഇവ ഹാജരാക്കണം | ഇല്ല | അപേക്ഷ ഹാജരാക്കി ഭൂമി കണ്ടെത്തിവരുന്ന മുറയ്ക്ക് |
| 2. | പഠനമുറി | ജാതി,വരുമാനം,കൈവശം,പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചില്ല എന്ന സാക്ഷ്യപത്രംസഹിതം അപേക്ഷിക്കണം.തുക 200000/- | ഇല്ല | ഡി ജില്ലാ ആഫീസിൽ നിന്നും അനുമതി/ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് |
| 3. | ഭവന പൂർത്തീകരണം Rs.200000/- | ജാതി,വരുമാനം,Ownership,സർട്ടിഫിക്കറ്റ്,ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം,എസ്റ്റിമേറ്റ് എന്നിവ സഹിതം അപേക്ഷ. | ഇല്ല | |
| 4. | വിവാഹ ധനസഹായം വരുമാന പരിധി -1 ലക്ഷം രൂപ | ദാരിദ്ര്യരേഖക്ക താഴെ വരുമാനമുള്ള രക്ഷകർത്താക്കളുടെ പെൺമക്കളുടെ വിവാഹത്തിന് ജാതി,വരുമാനം,വിവാഹ സർട്ടിഫിക്കറ്റ് ,പഞ്ചായത്തിൽ നിന്നും സഹായം കൈപ്പറ്റിയില്ല എന്ന സാക്ഷ്യപത്രം സഹിതം 125000/-രൂപ | ഫീസില്ല | അപേക്ഷ ലഭിച്ച ജില്ലാ ഓഫീസിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് |

| | | | | |
|---|---|---|---|---|
| 5. | മിശ്ര വിവാഹ ധനസഹായം | മിശ്ര വിവാഹിതരായ ദമ്പതിമാർക്ക് തൊഴിൽ ചെയ്യുന്നതിനായി 75000/- രൂപ സഹായം.ജാതി,വരുമാനം,വിവാഹ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുക | ഫീസില്ല | അപേക്ഷ ലഭിച്ചജില്ലാ ആഫീസിൽ നിന്നും അനുമതി/ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് |
| 6. | സ്വയം തൊഴിൽ വായ്പ പദ്ധതി | അഭ്യസ്ത വിദ്യരായ യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് 300000/- രൂപ വരെ വായ്പ.ബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പയുടെ 1/3 സബ്സിഡി.വിദ്യാഭ്യാസ യോഗ്യതയുടെ പകർപ്പ്,പ്രൊജക്ട് ഇവ സഹിതം അപേക്ഷിക്കണം | ഫീസില്ല | ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നതിന് അനുസരിച്ച്, പദ്ധതി പരിശോധിച്ച് സബ്സിഡി ബാങ്കിലേക്ക് നൽകുന്നു |
| 7. | വിദേശത്ത് തൊഴിൽചെയ്യുന്നതിനായി പോകുന്നവർക്ക് ധനസഹായം | പാസ്പോർട്ട് കോപ്പി,ജാതി,വരുമാനം,സ്കൂൾസർട്ടിഫിക്കറ്റിൻറെ കോപ്പി സഹിതം അപേക്ഷിക്കുക.തുക 100000/- | ഫീസില്ല | ജോലിയിൽ പ്രവേശിച്ചതിനു ശേഷം തൊഴിൽ എഗ്രിമെൻറ് ഹാജരാക്കുമ്പോൾ |
| 8. | പ്രീമെട്രിക് തലത്തിൽ സ്കോളർഷിപ്പ് | 5 ൽ10 വരെ ക്ലാസ്സൾ പഠിക്കുന്ന സ്ഥാപനം വഴി ലംപ്സംഗ്രാൻറ്,സ്റ്റൈഫൻറ് എന്നിവ വിതരണം ചെയ്യുന്നു. | ഫീസില്ല | അപേക്ഷ സമർപ്പിക്കേണ്ടതില്ല |
| 9. | അയ്യൻകാളി ടാലൻറ് സ്കോളർഷിപ്പ് | 5 മുതൽ 10 വരെ ക്ലാസ്സുകളിൽ ഉന്നതനിലവാരം പുലർത്തുന്നവർക്ക് വർഷം 4500/- രൂപ. | ഫീസില്ല | തെരഞ്ഞെടുക്കപ്പെടുന്നവർക്ക്. |
| 10. | സ്പെഷ്യൽ ഇൻസെൻറീവ് | എസ്.എസ്.എൽ.സി.മുതൽ ഉന്നത വിദ്യാഭ്യാസത്തിന് ഓരോ മികച്ച വിജയം നേടുന്നവർക്ക് ജാതി,ജയിച്ച കോഴ്സിൻ്റെ മാർക്ക് ലിസ്റ്റ് സഹിതം അപേക്ഷിക്കണം. | ഫീസില്ല | തെരഞ്ഞെടുക്കപ്പെടുന്നവർക്ക്. |

| | | | | |
|---|---|---|---|---|
| 11. | ചികിത്സാ സഹായം | ഗുരുതരമായ രോഗങ്ങൾക്ക് ചികിൽസിക്കുന്നവർക്ക് ചികിത്സാസഹായം,ജാതി,വരുമാനം,ഡോക്ടറുടെ സാക്ഷ്യപത്രം സഹിതം അപേക്ഷിക്കണം .തുക 100000/- | ഫീസില്ല | ടി |
| 12. | കുടുംബത്തിലെ ഏക വരുമാന ദായകൻ മരണപ്പെടുമ്പോൾ നൽകുന്ന ധനസഹായം | 200000 ധനസഹായം അനുവദിക്കുന്നു.ജാതി,വരുമാനം ഏക വരുമാനദയാകാനാണ് എന്നത് സംബന്ധിച്ച് തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ. | | ഉത്തരവ് ലഭ്യമാകുന്ന മുറക്ക് |
| 13. | 9,10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് | ഗവണ്മെന്റ്,എയ്ഡഡ് സ്കൂളുകളിലെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന SC വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്നു. | | തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു |
| 14. | വിവാഹധനസഹായം | ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5000/- രൂപ ലഭിക്കുന്നു. | ഇല്ല | |

III.ഐസിഡിഎസ് കടുത്തുരുത്തി 9188959698 -icdskdy@gmail.com 04829 283460

| ക്രമ നം | അങ്കണവാടി ഐസിഡിഎസ് ഓഫീസ് ലക്ഷ്യമാക്കുന്ന സേവനങ്ങളുടെ വിവരം | പദ്ധതി വിശദീകരണവും അപേക്ഷകർ പാലിക്കേണ്ട നിബന്ധനകളും | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|
| 1. | അനുപൂരക പോഷകാഹാരം,വളർച്ചാ നിരീക്ഷണം | 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷകരോഗ്യ നിലവാരം മെച്ചപ്പെടുത്തുക,6 വയസിനു താഴെയുള്ള കുട്ടികൾ,ഗർഭിണികൾ,മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടികൾ വഴി പോഷകാഹാരം നൽകുക.അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുക. | ഫീസ് ഇല്ല | രജിസ്റ്റർ ചെയ്യുന്നതിന്റെ അടുത്ത മാസം മുതൽ |
| 2. | അനൗപചാരിക പ്രീ-പ്രൈമറി വിദ്യാഭ്യാസം | അങ്കണവാടികളിൽ ഹാജരാകുന്ന 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് അനൗപചാരിക പ്രീ -പ്രൈമറി വിദ്യാഭ്യാസം നൽകുന്നത്. | ഫീസ് ഇല്ല | |

| | | | | |
|---|---|---|---|---|
| 3. | രോഗപ്രതിരോധ പ്രവർത്തനങ്ങൾ | ഓരോ പ്രദേശത്തെയും പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിട്ടില്ലാത്ത എല്ലാ കുട്ടികളുടെയും ഭാഗികമായി പ്രതിരോധകുത്തിവയ്പുകൾ എടുത്തിട്ടുള്ള കുട്ടികളുടെയും പൂർണ്ണ വിവരങ്ങൾ അങ്കണവാടി വർക്കർമാർ ശേഖരിച്ച് അത്തരം കുട്ടികളെ പ്രതിരോധ കുത്തിവയ്പുകൾ എടുക്കുന്ന ദിനങ്ങളിൽ പങ്കെടുപ്പിക്കുന്നു | ഫീസ് ഇല്ല | |
| 4. | കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോ സോഷ്യൽ സർവീസ് | കൗമാരപ്രായക്കാരായ സ്ത്രീകൾ, വിദ്യാർഥിനികൾക്ക് കൗൺസലിംഗ് സേവനങ്ങൾ നൽകുക.ആരോഗ്യവകുപ്പ്,എൻ.ആർ.എച്ച്.എം എന്നീ ഏജൻസികളുടെ സഹകരണത്തോടെ ആരോഗ്യ പരിശോധന,ആരോഗ്യപോഷണ വിദ്യാഭ്യാസവും,മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.തെരെഞ്ഞെടുത്ത സ്കൂളിൽ സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷിൻ സ്ഥാപിച്ച് അതിലൂടെ കുട്ടികൾക്ക് 1 രൂപ നിരക്കിൽ നാപ്കിൻ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട് | ഫീസ് ഇല്ല | |
| 5. | ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (THRS) | അങ്കണവാടികൾ വഴി മൂന്ന് വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നു | ഫീസ് ഇല്ല | |
| 6. | മംഗല്യ (വിധവ വിവാഹ പ്രോത്സാഹന പദ്ധതി) | അപേക്ഷ ശിശുവികസന പദ്ധതി ഓഫീസർക്ക് ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.അപേക്ഷയോടൊപ്പമുള്ള മാർഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സമർപ്പിക്കണം | ഫീസ് ഇല്ല | |
| 7. | വിദ്യാധനം വനിതകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | അച്ഛനോ,അമ്മയോ മരിച്ചുപോയ വിദ്യാർത്ഥിൽ ഒഴികെയുള്ളവർ/ അവിവാഹിതരായ അമ്മമാരുടെ കുട്ടികൾ. അപേക്ഷ ശിശുവികസന പദ്ധതി ഓഫീസർക്ക് ഓൺലൈൻ ആയി സമർപ്പിക്കണം,അപേക്ഷയോടൊപ്പമുള്ള മാർഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന | ഫീസ് ഇല്ല | അധ്യയന വർഷത്തിന്റെ ആരംഭത്തിൽ |

| | | | | |
|---|---|---|---|---|
| | | രേഖകൾ സമർപ്പിക്കണം | | |
| 8. | ആശ്വാസകിരണം (തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽത്തന്നെ കഴിയേണ്ടിവരുന്നവർക്കുള്ള ധനസഹായം | ശയ്യാവലംബരായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന ഐ സി ഡി എസ് സൂപ്പർവൈസർമാർക്ക് അപേക്ഷ സമർപ്പിക്കണം ,അപേക്ഷയോടൊപ്പമുള്ള മാർഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സമർപ്പിക്കണം | ഫീസ് ഇല്ല | സമയപരിധി ഇല്ല |
| 9. | അഭയകിരണം (അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമസാധനസഹായം ) | ഓൺലൈനായി അപേക്ഷ ശിശുവികസനപദ്ധതി ഓഫിസർക്ക് സമർപ്പിക്കണം .അപേക്ഷയോടൊപ്പമുള്ള മാർഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സമർപ്പിക്കണം . വരുമാനപരിധി ഒരു ലക്ഷം | ഫീസ് 1000- | സമയപരിധി ഇല്ല |
| 10. | സമാശ്വാസം (വൃക്ക/കരൾ എന്നീ അവയവങ്ങൾ മാറ്റി വയ്ക്കുന്ന രോഗികൾക്കായുള്ള ധനസഹായം ) | അപേക്ഷ ശിശു വികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കണം,അപേക്ഷയോടൊപ്പമുള്ള മാർഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സമർപ്പിക്കണം,മാസത്തിൽ 8 തവണ ഡയാലിസിസ് ചെയ്യുന്ന ആളായിരിക്കണം | ഫീസ് ഇല്ല | സമയപരിധി ഇല്ല |
| 11. | പ്രധാനമന്ത്രി മാതൃവന്ദന യോജന (PMMVY ) | സ്ത്രീകൾക്ക് അവരുടെ ആദ്യ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുന്ന കാലയളവിലും പ്രസവാനന്തരവും അവർക്കുണ്ടാകുന്ന വേതന നഷ്ടം ഭാഗികമായി നികത്തുന്നതിനുള്ള പദ്ധതി (01-01-2017 മുതൽ LMP-യുള്ള ആദ്യ ഗർഭം )സർക്കാർ ഉദ്യോഗസ്ഥർ,ഇഎസ്എ ആനുകൂല്യം ലഭിക്കുന്നവർ ആയിരിക്കരുത്.150 ദിവസത്തിനുള്ളിൽ അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യണം.MCP Card നിർബന്ധമാണ് | | സമയപരിധി ഇല്ല |
| 12. | Parenting Clinic | എല്ലാ ശനിയാഴ്ചയും ICDS ഓഫീസിൽ 1 pm വരെ സേവനം ലഭ്യമാണ് Outreach Camp ഉം ഫീൽഡിലും നടത്തുന്നു | | |

| | | | | |
|---|---|---|---|---|
| 13. | പടവുകൾ | പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിധവകളുടെ മക്കൾക്കുള്ള ധനസഹായം | | |
| 14. | സഹായഹസ്തം | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായം | | |
| 15. | പറയാം പരിഹരിക്കാം | വനിതാ സഹായകേന്ദ്രം – സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് മാനസിക പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിലേക്ക് എല്ലാ വെള്ളിയാഴ്ച്ചയും പഞ്ചായത്ത് അംങ്കണവാടി കേന്ദ്രീകരിച്ച്- ഐസിഡിസ് സൂപ്പർവൈസറുടെ നേതൃത്വത്തിൽ നടത്തുന്നു | | |
| 16. | വർണ്ണക്കൂട് | കൗമാര ക്ലബ്ബുകൾ -കൗമാരക്കാരുടെ സമഗ്ര വികസനത്തിനായി അങ്കണവാടികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു | | |
| 17. | പോഷകബാല്യം | അങ്കണവാടി കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം പാലും രണ്ട് ദിവസം മുട്ടയും നൽകുന്ന പദ്ധതി | | |
| 18. | ആധാർ എൻറോൾമെൻറ് | അങ്കണവാടി ഏരിയായിലെ 0-5 വയസ്സുവരെയുള്ള കുട്ടികളുടെ ആധാർ എടുക്കുന്നതിലേക്കായി നിർദ്ദേശങ്ങൾ നൽകുന്നു | | |
| 19. | സമ്പുഷ്ട കേരളം | കേരളത്തിലെ അമ്മമാരിലും കുട്ടികളിലും ഉണ്ടാകുന്ന പോഷണക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പോഷൻ അഭിയാൻ (National Nutrition Mission)-NNM ൻറെ ഭാഗമായി സംസ്ഥാന വനിത ശിശുവികസന വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയാണ് സമ്പുഷ്ട കേരളം.ഈ പദ്ധതിയുടെ ഭാഗമായി അങ്കണവാടി വർക്കർമാർക്ക് വിതരണം ചെയ്തിട്ടുള്ള സ്മാർട്ട് ഫോണുകൾ വഴി കുട്ടിയുടെ പോഷണ നിലവാരം തത്സമയം നിരീക്ഷണം (Real Time Monitoring) നടത്തി വിലയിരുത്തുവാൻ സാധിക്കുന്നതാണ് | | |

| | | | | |
|---|---|---|---|---|
| 20. | ആരോഗ്യ പോഷണ വിദ്യാഭ്യാസം | അങ്കണവാടികൾ മുഖേന സാമൂഹ്യാധിഷ്ഠിത പരിപാടികൾ (Community Based Events) സംഘടിപ്പിക്കുന്നു | | |

IV.സി.എച്ച്.സി.അറുന്നൂറ്റിമംഗലം 04829-252376- chcarmangalam@gmail.com

| ക്രമ നം | ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനം | പദ്ധതി വിശദീകരണവും അപേക്ഷകർ പാലിക്കേണ്ട നിബന്ധനകളും | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
|---|---|---|---|---|
| 1. | കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പ് | | | എല്ലാ ബുധനാഴ്ചയും |
| 2. | ഔ.പി.ഐ.പി ചികിത്സ സൗകര്യങ്ങൾ | | 2 രൂപ | |
| 3. | സാംക്രമിക രോഗ നിവാരണ പരിപാടികൾ | | | |
| 4. | പാലിയേറ്റീവ് കെയർ | | Nil | 3 ദിവസം |
| 5. | ക്ഷയരോഗികൾക്ക് സൗജന്യ ചികിത്സ | | | |
| 6. | മെഡിക്കൽ സർട്ടിഫിക്കറ്റ് | | | |
| 7. | കൗമാര പ്രായക്കാർക്ക് കൗൺസിലിംങ്ങും അയൺ ഗുളിക വിതരണവും | | | |
| 8. | കുടുംബക്ഷേമ കേന്ദ്രത്തിൽ പ്രതിമാസ പരിശോധനയും കുത്തിവെയ്പ്പും | | | |
| 9. | ഫിസിയോ തെറാപ്പി | | Nil | 1 ദിവസം |
| 10. | മലമ്പനിരോഗം രക്തപരിശോധനയും ചികിത്സയും | | | |

| | | | | |
|---|---|---|---|---|
| | പ്രതിരോധ പ്രവർത്തനങ്ങളും | | | |
| 11. | പുരുഷന്മാർക്കും സ്ത്രീകൾക്കും വന്ധ്യത ശസ്ത്രക്രിയക്ക് സാങ്കേതിക സഹായം | | | |
| 12. | ഗർഭിണികൾക്ക് പരിശോധനയും റ്റി.റ്റി കുത്തിവെയ്പ്പും ,അയൺ ഗുളിക വിതരണവും | | | |
| 13. | ലൈംഗിക രോഗങ്ങൾക്ക് എതിരെ ബോധവൽക്കരണ പരിപാടി | | | |
| 14. | സ്കൂൾ ഹെൽത്ത് പ്രോഗ്രാം | | | |
| 15. | വയറിളക്ക ചികിത്സയും ORS വിതരണം, നേത്രപരിശോധന | | | |
| 16. | പ്രണിജന്യ രോഗ നിവാരണ പരിപാടികൾ | | | |
| 17. | Cu - T നിക്ഷേപിക്കുന്നതിനുള്ള സൗകര്യം | | | |
| 18. | ഗർഭനിരോധന ഗുളികയും ഉറയും സൗജന്യ വിതരണം | | | |
| 19. | ഹോട്ടൽ,ഇറച്ചിക്കട, കൂൾബാർ എന്നിവയ്ക്ക് പരിശോധനയും സർട്ടിഫിക്കറ്റ് വിതരണവും | | | |

| | | | | |
|---|---|---|---|---|
| 20. | ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കും സൗജന്യ ചികിത്സയും | | | |
| 21. | ലാബ് പരിശോധന | | | |

| V.കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ,തലയോലപറമ്പ്/04829-237403- phcthalayolaparambu@gmail.com | | | | | |
|---|---|---|---|---|---|
| ക്രമ നം | ഈ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങളുടെ വിവരം | പദ്ധതി വിശധികാരണം/ആവശ്യമായ രേഖകൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
| 1. | രോഗ നിർണയവും ചികിത്സയും(സാധാരണ ഒ.പി,സായാഹ്ന ഒ പി,) | അപേക്ഷവേണ്ട | | 5/- രൂപ | അതേ ദിവസം |
| 2. | കിടത്തി ചികിത്സ | അപേക്ഷവേണ്ട | ഇല്ല | സൗജന്യം | |
| 3. | 65 ൽ അധികം പരിശോധനകൾ നടത്തുവാൻ സൌകര്യമുള്ള ഹബ് ലബോറട്ടറി. | അപേക്ഷവേണ്ട | ഇല്ല | ആശുപത്രി വികസന സമിതി അംഗീകരിച്ച നിരക്കുകൾ | |
| 4. | ഗർഭിണികളുടെ സംരക്ഷണം,ഇരുമ്പ് സത്ത ഗുളികകൾ,ടി.ടി.കുത്തിവെയ്പ്പ്,ബോധവത്കരണം | അപേക്ഷവേണ്ട | ഇല്ല | സൗജന്യം | |
| 5. | മാതൃ ശിശു സംരക്ഷണം,ഐ.എഫ്.എ.പോഷകാഹാര വിജ്ഞാനം,കുട്ടികളുടെ പ്രതിരോധ | അപേക്ഷവേണ്ട | ഇല്ല | സൗജന്യം | ജനനം മുതൽ |

| | | | | | |
|---|---|---|---|---|---|
| | കുത്തിവെപ്പുകൾ,വൈകല്യ നിർണയം | | | | |
| 6. | കുടുംബക്ഷേമ പ്രവർത്തനം,സ്ഥിരമായ ഗർഭനിരോധന മാർഗ്ഗങ്ങളും താത്കാലിക ഉപദേശങ്ങളും | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ | ഇല്ല | സൗജന്യം | |
| 7. | Cu - T നിക്ഷേപം | അപേക്ഷവേണ്ട | ഇല്ല | സൗജന്യം | |
| 8. | 12 ഓളം വിവിധ ദേശീയ നിയന്ത്രണ നിവാരണ പരിപാടികൾ (ഉദാ:ടി.ബി.,അന്ധത.C.D — കൺട്രോൾ | അപേക്ഷവേണ്ട | ഇല്ല | സൗജന്യം | |
| 9. | സ്കൂൾ ആരോഗ്യ പരിപാടി,പ്രതിരോധ കുത്തിവെപ്പുകൾ,രോഗ നിർണ്ണയം നേരിട്ടുള്ള നിരീക്ഷണത്തിലൂടെയുള്ളത് | അപേക്ഷവേണ്ട | ഇല്ല | സൗജന്യം | |
| 10. | അങ്കണവാടി കുട്ടികൾക്ക് മെഡിക്കൽ ചെക്ക്-അപ്പ് | അപേക്ഷവേണ്ട | ഇല്ല | സൗജന്യം | |
| 11. | കാഴ്ച പരിശോധനയും വൈകല്യ നിർണ്ണയവും | അപേക്ഷവേണ്ട | ഇല്ല | സൗജന്യം | |
| 12. | പരിസര ശുചിത്വം,പോഷകാഹാരം,മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും | അപേക്ഷവേണ്ട | ഇല്ല | സൗജന്യം | |

| | | | | | |
|---|---|---|---|---|---|
| 13. | പരിഷ്കരിച്ച ദേശിയ ക്ഷയരോഗ നിയന്ത്രണ പരിപാടി | അപേക്ഷവേണ്ട | നേരിട്ടുള്ള നിരീക്ഷനതിലൂടെയുള്ള ചികിത്സ | സൗജന്യം | |
| 14. | മെഡിക്കൽ സർട്ടിഫിക്കറ്റ് | നിർദിഷ്ട ഫോം | ചികിത്സാ രേഖകൾ | സിവിൽ സർജൻ -150 അസിസ്റ്റൻറ് സർജൻ -100 | അതേ ദിവസം |
| 15. | മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | നിർദിഷ്ട ഫോം | ചികിത്സാ രേഖകൾ,സർട്ടിഫിക്കറ്റ് ഒറിജിനൽ | സൗജന്യം | അതേ ദിവസം |
| 16. | വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിലുള്ള ഫോം | സി.എച്.സി.മേഖലയിലുള്ളവർക്ക് | | അതേ ദിവസം |
| 17. | ഇമ്മ്യൂണൈസേഷൻ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിലുള്ള ഫോം | സി.എച്.സി.മേഖലയിലുള്ളവർക്ക് | സൗജന്യം | അതേ ദിവസം |
| 18. | ഹെൽത്ത് കാർഡ് | വെള്ളക്കടലാസിലുള്ള ഫോം | സി.എച്.സി.മേഖലയിലുള്ളവർക്ക് | | 3 ദിവസം |
| 19. | സാനിറ്റേഷൻ സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിലുള്ള ഫോം | സി.എച്.സി.മേഖലയിലുള്ളവർക്ക് | 230/- രൂപ | 3 ദിവസം |
| 20. | വികലാംഗ പെൻഷൻ അന്വേഷണ റിപ്പോർട്ട് | ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫോറത്തിലുള്ള അപേക്ഷ | വില്ലേജ് ഓഫീസിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡ് ഡിൻെറ സർട്ടിഫിക്കറ്റ് | ഇല്ല | 7 ദിവസം |
| 21. | പ്രസവാനുകൂല്യം,ജനനി സുരക്ഷ യോജന | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫോമിലുള്ള അപേക്ഷയിൽ രജിസ്റ്റർ ചെയ്യണം | ഒന്നാമത്തെയോ രണ്ടാമത്തെയോ പ്രസവം നടന്ന ആശുപത്രിയിൽ നിന്നും | ഇല്ല | 7 ദിവസം |

| | | | | | |
|---|---|---|---|---|---|
| 22 | വാർദ്ധക്യ ആരോഗ്യ പരിപാലനസേവനങ്ങൾ | | | | |
| 23 | മാനസികാരോഗ്യപരിപാടികൾ/കൗമാര ആരോഗ്യ സംരക്ഷണ പരിപാടികൾ | | | | |
| 24 | പാലിയേറ്റീവ് പരിചരണ സേവനം. | | | | |
| 25 | ഫിസിയോതെറാപ്പി | | | | |
| 26 | ആംബുലൻസ് സേവനം | | | | |

| VI. ക്ഷീര വികസന യൂണിറ്റ് കടുത്തുരുത്തി 9495228845 –deokdty@gmail.com | | | | |
|---|---|---|---|---|
| ക്രമ നം | സേവനങ്ങളുടെ വിവരം | പദ്ധതിയും നിബന്ധനകളും | ഫീസ് | സമയ പരിധി |
| 1 | തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ | | | |
| a | പുൽ കൃഷിക്കു ധനസഹായം | | | |
| | 20 സെന്റിന് മുകളിൽ | പുൽക്കടയും കൃഷി ചെലവിനായി സെന്റിന് 50 രൂപ പ്രകാരം ധനസഹായാവും നൽകുന്നു | 180 | ഏപ്രിൽ - ജൂൺ |
| | 20 സെന്റിന് താഴെ | സൗജന്യമായി പുൽക്കട നൽകുന്നു | ഇല്ല | ഏപ്രിൽ - ജൂൺ |

| | | | | |
|---|---|---|---|---|
| b | പുൽകൃഷിയ്ക്ക് ജലസേചന സൗകര്യം | 1 ഏക്കറിൽ കൂടുതൽ പുൽകൃഷിയുള്ളവർക്ക് ജലസേചന സൗകര്യം സ്ഥാപിക്കുന്നതിലേക്ക് 25000/- രൂപ ധനസഹായം | 180 | ഏപ്രിൽ -ജൂൺ |
| | പുൽകൃഷിയ്ക്ക് ജലസേചന സൗകര്യം | 50 സെന്റിൽ കൂടുതൽ പുൽകൃഷിയുള്ളവർക്ക് ജലസേചന സൗകര്യം സ്ഥാപിക്കുന്നതിലേക്ക് 10000/- രൂപ | 180 | ഏപ്രിൽ -ജൂൺ |
| C | പുൽ കൃഷിത്തോട്ടം യന്ത്രവൽക്കരണം | പുൽ കൃഷിത്തോട്ടം യന്ത്രവൽക്കരണം നടത്തുന്നതിലേക്ക് 10000/- രൂപ ധനസഹായം | 170 | ഏപ്രിൽ -ജൂൺ |
| d | തരിശ് ഭൂമിയിൽ തീറ്റപ്പുൽ കൃഷി | 94220/- രൂപ ധനസഹായം | 200 | ഏപ്രിൽ -ജൂൺ |
| e | കോളാർ മോഡൽ പുൽകൃഷി | 17500/- രൂപ ധനസഹായം | 180 | ഏപ്രിൽ -ജൂൺ |
| 2 | ക്ഷീര സഹകരണ സംഘങ്ങൾക്ക് ധനസഹായം | | | |
| a | രൂപീകരണവും പുനരുദ്ധാരണവും | 61500/-രൂപ ധനസഹായം | 170 | ഏപ്രിൽ -ജൂൺ |
| b | ആവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്നതിൻെറ 60 ശതമാനം പരമാവധി 120000/- രൂപ | 250 | ഏപ്രിൽ -ജൂൺ |
| c | മിൽക്ക് കളക്ഷനും ഗോഡൗൺ നിർമ്മാണവും | പരമാവധി ധനസഹായം 375000/- രൂപ | 500 | ഏപ്രിൽ -ജൂൺ |
| d | മാനേജീരിയൽ അസ്സിസ്റ്റൻസ് | പരമാവധി ധനസഹായം 35000/- രൂപ | 250 | ഏപ്രിൽ -ജൂൺ |
| e | മിൽക്ക് റൂട്ട് അസ്സിസ്റ്റൻസ് | പരമാവധി ധനസഹായം 35000/- രൂപ | 250 | ഏപ്രിൽ -ജൂൺ |

| | | | | |
|---|---|---|---|---|
| f | എഫ് എസ് എസ് എ ധനസഹായം | ചെലവഴിക്കുന്നതിൻറെ 75 ശതമാനം പരമാവധി 45000/-രൂപ | 250 | ഏപ്രിൽ -ജൂൺ |
| g | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെൻ്റർ | ചെലവഴിക്കുന്നതിൻറെ 75 ശതമാനം പരമാവധി 525000/- രൂപ | 750 | ഏപ്രിൽ -ജൂൺ |
| 3 | എം എസ് ഡി പി പദ്ധതി | | | |
| a | അതി ദരിദ്രർക്കുള്ള ദാരിദര്യ നിർമാർജ്ജന പദ്ധതി | 90 ശതമാനം പരമാവധി 95400/-രൂപ | 750 | ഏപ്രിൽ -ജൂൺ |
| b | 20 പശു യൂണിറ്റ് | പരമാവധി 760000/- രൂപ | 750 | ഏപ്രിൽ -ജൂൺ |
| c | ക്ഷീര യുവകർഷകർക്ക് 10 പശു യൂണിറ്റ് | പരമാവധി 464000/- രൂപ | 500 | ഏപ്രിൽ -ജൂൺ |
| d | ഹെയ്ഫർ പാർക്ക് | പരമാവധി 900000/- രൂപ | 1500 | ഏപ്രിൽ -ജൂൺ |
| e | ഡയറി യൂണിറ്റ് ഗോധനം (1 പശു) | ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് ധനസഹായം 30000/- രൂപ | 170 | ഏപ്രിൽ -ജൂൺ |
| f | 2 പശു യൂണിറ്റ് | ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് ധനസഹായം 60000/- രൂപ | 170 | ഏപ്രിൽ -ജൂൺ |
| g | 5 പശു യൂണിറ്റ് | ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് ധനസഹായം 150000/- രൂപ | 250 | ഏപ്രിൽ -ജൂൺ |
| h | 10 പശു യൂണിറ്റ് | ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് ധനസഹായം 38000/- രൂപ | 500 | ഏപ്രിൽ -ജൂൺ |
| i | കാലിതൊഴുത് നിർമ്മാണം | ധനസഹായം 50000രൂപ | 170 | ഏപ്രിൽ -ജൂൺ |

| | | | | |
|---|---|---|---|---|
| j | ആവശ്യാധിഷ്ഠിത ധനസഹായം | ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾക്ക് പരമാവധി ധനസഹായം 50000/- രൂപ | 170 | ഏപ്രിൽ -ജൂൺ |
| 4 | ക്ഷീര കർഷക ക്ഷേമനിധി | | | |
| a | പെൻഷൻ | ക്ഷേമനിധി അംഗത്വം എടുത്തതിനു ശേഷം 5 വർഷത്തെ ലിറ്ററിന് മുകളിൽ പാലളക്കുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് പ്രതിമാസം 1600/-രൂപ പെൻഷൻ ലഭ്യമാക്കുന്നു | ഇല്ല | |
| b | കുടുംബ പെൻഷൻ | പെൻഷണർ മരിച്ചു കഴിഞ്ഞാൽ നോമിനിയ്ക്കു കുടുംബ പെൻഷൻ 500/- രൂപ ലഭ്യമാക്കുന്നു | ഇല്ല | |
| c | വിവാഹ ധനസഹായം | ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 500/-രൂപ ലഭ്യമാക്കുന്നു | ഇല്ല | |
| d | മരണാനന്തര ധനസഹായം | ക്ഷേമനിധി അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾക്ക് 3000/-രൂപ ധനസഹായം ലഭ്യമാക്കുന്നു | ഇല്ല | |
| e | വിദ്യാഭ്യാസ സ്കോളർഷിപ് | ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് 10,12,ഡിഗ്രി,പ്രൊഫഷണൽ ക്ലാസുകളിലേക്ക് 1000,1500,2000 രൂപ | ഇല്ല | |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് ലഭ്യമാക്കുന്നു | | |
| f | ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് | ക്ഷേമനിധി അംഗങ്ങൾക്കും അവരുടെ 200000/-രൂപ ചികിത്സയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ | ഇല്ല | ഡിസംബർ 17-ഡിസംബർ 31 |

| VII. വ്യവസായ വികസന ഓഫീസ് 9188127089-ieo.kdyb@gmail.com | | | | |
|---|---|---|---|---|
| ക്രമ നം | ഓഫീസിൽ ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | പദ്ധതി വിശദീകരണവും അപേക്ഷകൾ പാലിക്കേണ്ട നിബന്ധനകളും | ഒടുക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന സമയപരിധി |
| 1. | വ്യാവസായിക പരിശീലനം | വ്യവസായ സംരഭകത്വ വികസന പരിശീലനം(EDP),തൊഴിൽ അധിഷ്ഠിത പരിശീലനങ്ങൾ തുടങ്ങിയവ വ്യവസായ വകുപ്പ് മുഖാന്തിരം നടത്തുന്നു | സൗജന്യം | ഓരോ പരിശീലനത്തിനും വ്യത്യസ്ത സമയങ്ങൾ |
| 2. | രജിസ്ട്രേഷൻ | MSME-കൾക്ക് "ഉദ്യം" രജിസ്ട്രേഷൻ | സൗജന്യം | |
| 3. | ലൈസൻസുകൾ | വ്യവസായ സേവന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസുകൾ/ക്ലിയറൻസുകൾ എന്നിവ ലഭ്യമാക്കാൻ ഓൺലൈൻ സിംഗിൾ വിന്റോ ക്ലിയറൻസ് മെക്കാനിസം (K-SWIFT) | ഓരോ വകുപ്പും നിഷ്കർഷിക്കുന്നഫീസുകൾ ഒടുക്കണം | 30 ദിവസം |
| 4. | ഇൻഡസ്ട്രി ഫെസിലിറ്റേഷൻ കൗൺസിൽ | വിൽപ്പന തുക ലഭിക്കാൻ കാലതാമസം വരുന്നതിന് എതിരെയുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായുള്ള കൗൺസിലിൻറെ സേവനം | സൗജന്യം | കോടതി ഉത്തരവിന് തുല്യമായ പ്രാധാന്യം |

| | | | | |
|---|---|---|---|---|
| 5. | വ്യവസായ സംരംഭകത്വ വികസന ക്ലബ്ബുകൾ | യുവജനങ്ങളിൽ വ്യവസായ സംസ്കാരം വളർത്തിയെടുക്കുന്നതിന് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്ലബ്ബുകൾ രജിസ്റ്റർ ചെയ്ത് സാമ്പ ത്തിക സഹായം നൽകുന്നു | സൗജന്യം | |
| 6. | എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഫോർ കൺട്രോൾഡ് ഐറ്റംസ് | MSME- യൂണിറ്റുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളിൽ നിയന്ത്രണമുള്ളവർക്ക് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നു | 1315 രൂപ | |
| 7. | ജിയോ ടാഗിങ്ങ് സർവ്വേ | MSME യൂണിറ്റുകൾ ജിയോ ടാഗിങ്ങ് നടത്തി വ്യവസായ ഭൂപടത്തിൽ ഉൾപ്പെടുത്തുന്നു | സൗജന്യം | |
| 8. | ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ തരപ്പെടുത്തി യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്ന മുറക്ക് ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് സഹിതം ശുപാർശ ചെയ്ത് നൽകുക | സൗജന്യം | |
| 9. | വൈദ്യുതി കണക്ഷൻ താരീഫ് | ഉല്പന്ന നിർമ്മാണ സംരംഭങ്ങൾക്ക് ആവശ്യമായ വൈദ്യുതി ഇൻഡസ്ട്രിയൽ താരിഫിൽ ലഭിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിലേക്ക് ശുപാർശ കത്ത് നൽകുന്നു | സൗജന്യം | |
| 10 | പ്രസിദ്ധീകരണം | വ്യവസായ കേരളം എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നു | ഒരു വർഷ ത്തെ വരി സംഖ്യ 300രൂപ | |

| | | | | |
|---|---|---|---|---|
| 11 | വെബ്സൈറ്റ് | "വ്യവസായ വകുപ്പിൻറെ എല്ലാ സേവന വിവരങ്ങളും"www industrykerala.gov.in എന്ന സൈറ്റിൽ ലഭ്യമാണ് | | |
| 12 | കമ്പോള വിലയിലും വളരെ താഴ്ന്ന വിലക്കും വ്യവസായം നടത്തിപ്പിന് കെട്ടിടവും സ്ഥലവും | മിനി വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വികസന പ്ലോട്ടുകൾ/എസ്റ്റേറ്റുകൾ എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് സ്ഥലം കെട്ടിടം എന്നിവ ലഭിക്കുന്നു | ലാന്റ് ഏരിയ അനുസരിച്ച് ഫീസ് നിരക്ക് വ്യത്യാസപ്പെടുന്നു | ഹയർപർച്ചേയ്സ് / മൊത്തവില സ്ഥലം,കെട്ടിടം,പ്ലോട്ടുകൾ എന്നിവയുടെ ലഭ്യത അനുസരിച്ച് |
| 13 | പി.എം.ഇ.ജി.പി - സ്വയം തൊഴിൽ വായ്പ | തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് 35% വരെ സർക്കാർ സബ്സിഡിയോടു കൂടി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്ക് വായ്പ ലഭ്യമാക്കുന്നു. ഉല്പന്ന നിർമ്മാണ സംരംഭം പരമാവധി 25 ലക്ഷം രൂപ സേവന സംരംഭം പരമാവധി 10 ലക്ഷം രൂപ | സൗജന്യം | ഓരോ സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ |
| 14 | സംരംഭക സഹായ പദ്ധതി (ESS) | ഉല്പന്ന നിർമ്മാണ സംരംഭങ്ങൾ സ്റ്റാർട്ട് അപ് സപ്പോർട്ട്, ഇൻവെസ്റ്റ്മെൻറ് സപ്പോർട്ട്, ടെക്നിക്കൽ സപ്പോർട്ട് എന്നീ ഇനങ്ങളിൽ പരമാവധി 40 ലക്ഷം രൂപ വരെ | | |
| 15 | MSME ഇൻഷുറൻസ് സ്കീം | വാർഷിക MSME ഇൻഷുറൻസ് പ്രീമിയത്തിന്റെ 50% സബ്സിഡി ലഭിക്കും | സൗജന്യം | |
| 16 | വ്യവസായ സഹകരണ മേഖലക്കും കരകൗശല മേഖലയ്ക്കും ആനുകൂല്യങ്ങൾ | ചെറുകിട പരമ്പരാഗത മേഖലകളിൽ പ്രവർത്തിക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾക്കും കരകൗശല സംഘങ്ങൾക്കും ധനസഹായം. കരകൗശല വിദഗ്ധർക്ക് പെൻഷൻ | | സംഘം രജിസ്ട്രേഷൻ 790 രൂപ |

| | | | | |
|---|---|---|---|---|
| 17 | കൈത്തറി മേഖലയിലെ വിവിധ പദ്ധതികൾ | കൈത്തറി സഹകരണ സംഘങ്ങൾക്കും നെയ്ത്ത് മേഖലയിലെ സ്വകാര്യ സംരംഭകർക്കും വിവിധ ആനുകൂല്യങ്ങൾ | സൗജന്യം | |
| 18 | ക്ലസ്റ്റർ വികസന പദ്ധതികൾ | ക്ലസ്റ്റർ വികസനത്തിനായി പരിശീലനം സിദ്ധിച്ചവരുടെ സേവനങ്ങളും സാമ്പത്തിക സഹായവും വ്യവസായ വകുപ്പ് നൽകുന്നു. | സൗജന്യം | |
| 19 | PMFME | മൈക്രോ ഫുഡ് പ്രോസസിംഗ് സംരംഭങ്ങൾ നേരിടുന്ന വെല്ലുവിളികളെ അഭിമുഖികരിക്കുന്നതിനും നവീക രിക്കുന്നതിനും പിന്തുണ നൽകുന്നതിനുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. മുഴുവൻ പദ്ധതി തുകയിലെ സ്ഥിരനിക്ഷേപത്തിൻറെ (Term Loan) 35% പരമാവധി 10 ലക്ഷം രൂപ ധനസഹായമായി നൽകുന്നു | | |
| 20 | MSME എക്സിബിഷനുകളും അവാർഡുകളും | വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവ പൊതു സമൂഹത്തിൽ പരി ചയപ്പെടുത്തുന്നതിനുമായി വ്യവസായ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. അതുപോലെ മികച്ച സംരംഭകർക്ക് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമായി ജനറൽ / പട്ടികജാതി/ പട്ടികവർഗ്ഗം / വനിത എന്നിവർക്കായി അവാർഡുകളും നൽകി വരുന്നു | | |
| 21 | OFOE സ്കീം | ലോൺ മുഖാന്തരം ആരംഭിക്കുന്ന MSME സ്ഥാപനങ്ങൾക്ക് പലിശ റീ ഇംബേഴ്സ്മെൻറ് | സൗജന്യം | |

# ഓംബുഡ്സ്മാൻ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയുംഅതിലെ ഉദ്യോഗസ്ഥന്മാരുടെയും ഭരണ നിർവ്വഹണത്തിലെ അഴിമതിയോ, ദുർഭരണമോ, അപാകതകളോ ഉൾപ്പെടുന്ന ഏതൊരു നടപടികളേയും ആരോപണങ്ങളേയും പറ്റി സൂക്ഷ്മഅന്വേഷണവും,പൊതുവായ അന്വേഷണവും നടത്തുന്ന തിന് സംസ്ഥാന തലത്തിൽ ഒരു ഓംബുഡ്സ്മാന് നിയമവ്യവസ്ഥയുണ്ട്. ഹൈക്കോടതി ജഡ്ജി യുടെ ഉദ്യോഗം വഹിച്ചിട്ടുള്ള ഒരാളിനെ മുഖ്യമന്ത്രി നൽകുന്ന ഉപദേശത്തിന്മേൽ ഓംബുഡ്സ്മാനെ ഗവർണർ നിയമിക്കുന്നതിനാണ് പുതിയ വ്യവസ്ഥ. ഓംബുഡ്സ്മാന്റെ കാലാവധി 3 വർഷമാണ്.

## മേൽവിലാസം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ
ബാർട്ടൻ ഹിൽ ബംഗ്ലാവ്
കുന്നുകുഴി പി. ഒ., തിരുവനന്തപുരം 695 037

### വിവരാവകാശനിയമം - 2005

| | |
|---|---|
| സ്റ്റേറ്റ് പബ്ളിക്ഇൻഫർമേഷൻ ഓഫീസർ | : ഹെഡ് ക്ലർക്ക്<br>ശ്രീമതി.ജയന്തി എ<br>ഫോൺ : 04829 282393 |
| ഒന്നാം അപ്പലേറ്റ് അതോറിറ്റി | : സെക്രട്ടറി<br>ശ്രീ. റെജി പി.ജി<br>ഫോൺ : 04829 282393,8281040546 |
| രണ്ടാം അപ്പലേറ്റ് അതോറിറ്റി | : സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണർ |